MONDAY 04-10-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –04/10/2021

1. പതിനാലാം പഞ്ചവത്സര പദ്ധതിയുമായും 2022 - 23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനായി നിലവിലെ പദ്ധതികളിൽ ഭേദഗതികളും മാറ്റങ്ങളും ആവശ്യമുണ്ടെന്ന സാഹചര്യത്തിൽ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നവീന ആശയങ്ങളും വാർത്തകളും പുരോഗമന കർഷകരിൽനിന്നും കാർഷിക മേഖലയിലെ മറ്റ് ഇതര വിഭാഗങ്ങളിൽ നിന്നും ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച ആശയങ്ങളും ശുപാർശകളും സമർപ്പിക്കുവാൻ താല്പര്യമുള്ളവർ താഴെ പറയുന്ന വാട്സ്ആപ്പ് നമ്പരുകളിലൂടെ 06.10.2021 തീയതിക്കുള്ളിൽ അറിയിക്കേണ്ടതാണ്.

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തിരുവനന്തപുരം | 9447242231 |
| കൊല്ലം | 9446082795 |
| പത്തനംതിട്ട | 9495682793 |
| ആലപ്പുഴ | 9495211432 |
| കോട്ടയം | 9383470706 |
| എറണാകുളം | 9446502252 |
| ഇടുക്കി | 9447980027 |

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തൃശ്ശൂർ | 9446537419 |
| മലപ്പുറം | 9447596515 |
| പാലക്കാട് | 9745311595 |
| കോഴിക്കോട് | 9383471781 |
| കണ്ണൂർ | 9400528619 |
| വയനാട് | 9447186498 |
| കാസർഗോഡ് | 9744961357 |

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **കാർഷിക ഉൽപ്പന്ന പ്രോസസിംങ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനായി** ധനസഹായം നൽകുന്നു. കർഷകർ/കർഷകഗ്രൂപ്പ്/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർക്ക് അപേക്ഷിയ്ക്കാം. പരമാവധി 50% ആണ് ധനസഹായം നൽകുന്നത്. ബാക്കി തുകയിൽ 40% സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), സ്മാം (SMAM) എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് **ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള** ധനസഹായ പദ്ധതിയിൽ പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റി/സ്റ്റാർട്ട് അപ്പുകൾ/ സ്വയം സഹായ സംഘങ്ങൾ (SHG)/ ഫാർമർ പ്രൊഡ്യൂസർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഓർഗനൈസേഷനുകൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. ആവശ്യാധിഷ്ഠിത ധനസഹായം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് തലത്തിൽ ഒരു കർഷകമിത്രയെ തിരഞ്ഞെടുക്കുന്നു. കാർഷിക അടിസ്ഥാനമുള്ള കുടുംബത്തിൽ ഉള്ളവർക്ക് മുൻഗണന ലഭിയ്ക്കുന്നതാണ്. അപേക്ഷകൾ **ഈ മാസം ആറാം** തീയതിയ്ക്കു മുൻപായി അതാത് കൃഷിഭവനുകളിലോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുമായോ/ കൃഷിഭവനുമായോ ബന്ധപ്പെടുക.

5. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ജില്ലാ സംഭരണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി (ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ആൻഡ് സപ്പോർട്ട് ഡിസ്ട്രിക്ട് പ്രൊക്യൂർമെന്റ് സെന്റർ) ധനസഹായം നൽകുന്നു. നാടൻ പഴം -പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് ജില്ലാ തലത്തിൽ സൗകര്യം ഒരുക്കുന്നതിനുള്ള സംവിധാനത്തിനാണ് സാമ്പത്തികസഹായം നൽകുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 50 ശതമാനമാണ് സഹായം നൽകുന്നത്. അതായത് പരമാവധി 23 ലക്ഷം രൂപയും 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടും. മറ്റുള്ളവർക്ക് പരമാവധി 46 ലക്ഷം രൂപയും നാല് ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടും ധനസഹായം ലഭിയ്ക്കും. സംസ്ഥാനത്തിന് മൂന്ന് യൂണിറ്റുകൾക്കാണ് ഇപ്രകാരം ധനസഹായം ലഭിയ്ക്കുന്നത്.

6. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഒക്ടോബർ 5 മുതൽ നവംബർ 3 വരെ നടത്തുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

7. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. റബ്ബർബോർഡ് റബ്ബർകൃഷിയിൽ ഓൺലൈൻ പരിശീലനം നൽകുന്നു. **നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, നടീൽവസ്തുക്കളുടെ നിർമാണം, തോട്ടംപരിപാലനം, ടാപ്പിങ്, റബ്ബർപാൽസംസ്കരണം** തുടങ്ങിയവയാണ് ഈ മാസം 06 മുതൽ 08 നീണ്ടു നിൽക്കുന്ന ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ***04812353127*** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ (20.10.2021, 21.10.2021) **ആട് വളർത്തൽ** എന്ന വിഷയത്തിലും 27, 28 തീയതികളിൽ (27.10.2021, 28.10.2021) **കറവപ്പശു പരിപാലനം** എന്ന വിഷയത്തിലും സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **04829 – 234323** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 21 ന് (21.10.2021) **കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.